**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **14-03-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് പ്രായപരിധി അൻപത്തിയഞ്ച് വയസ്സിൽ നിന്നും അൻപത് വയസ്സായി കുറച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. സംസ്ഥാന സർക്കാർ സർവ്വീസിലേയ്ക്കുള്ള നിയമനങ്ങളുടെ ഉയർന്ന പ്രായപരിധി 50 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം, എംപ്ലോയ്മെന്റ് വകുപ്പ് മുഖേനയുള്ള നിയമനങ്ങളുടെയും ഉയർന്ന പ്രായപരിധി 50 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ദീർഘകാലമായി തൊഴിലിനായി കാത്തിരിക്കുന്നവരുടെ സാഹചര്യം പരിഗണിച്ചുകൊണ്ട് പ്രസ്തുത പ്രായപരിധി അൻപത്തിയഞ്ച് വയസ്സ് ആയി തന്നെ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഭിന്നശേഷിക്കാർക്ക് പ്രായപരിധിയിൽ കൂടുതൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ നിലവിൽ കാഴ്ച പരിമിത വിഭാഗക്കാർക്ക് 15 വർഷത്തെ വയസ്സിളവും ചലന വൈകല്യമുള്ളവർക്ക് 10 വർഷ വയസ്സിളവും, മൂകരും ബധിരരുമായ വിഭാഗക്കാർക്ക് 15 വർഷ വയസ്സിളവും നൽകി വരുന്നുണ്ട്. കൂടുതൽ ഇളവ് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ